ഫാക്സ് മെഷീൻ എന്നിവ നൽകുകയുണ്ടായി. 1999-2000 വർഷത്തിൽ സംസ്ഥാനത്തെ ഏറ്റവും കൂടുതൽ സ്കൂളുകളുള്ള ജില്ലാ വിദ്യാഭ്യാസ ഓഫീസുകളായ പത്തനംതിട്ട, ആലുവ, എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, പാലക്കാട് എന്നിവിടങ്ങളിൽ കമ്പ്യൂട്ടർ നൽകുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

39 (2417) സ്കൂളുകളിലെ കമ്പ്യൂട്ടർ പഠനം

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ കമ്പ്യൂട്ടർ പഠനത്തിന് എൽ.ബി.എസ്. ഇപ്പോൾ ഇൻസ്ട്രക്ടറെ നിയമിക്കുന്നില്ല എന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ:

(സി) പി.ടി.എ. യുടെ ധനസഹായത്തോടെ പ്രസ്തുത പഠനം നടത്താൻ ഡി.പി.ഐ. ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഗവൺമെന്റ് ധനസഹായം നൽകുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്കൂളുകളിൽ കമ്പ്യൂട്ടർ പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി പൂർണ്ണ ഉത്തരവാദിത്വം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

(സി) സ്കൂൾ പി.ടി.എ/ഹെഡ്മാസ്റ്റർ, ഒരു കമ്പ്യൂട്ടർ വിദഗ്ദ്ധൻ എന്നിവരുൾപ്പെട്ട കമ്മിറ്റി മുഖേന കമ്പ്യൂട്ടർ ഇൻസ്ട്രക്ടറെ നിയമിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ഇൻസ്ട്രക്ടർമാർക്ക് ശമ്പളം നൽകുന്നതിനായി ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടുണ്ട്.

40 (2418) അദ്ധ്യാപക വിദ്യാർത്ഥി അനുപാതം

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

കേരള വിദ്യാഭ്യാസ ചട്ടങ്ങൾ പ്രകാരം അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:45 എന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly